

FRIDAY 16-06-2023 വെള്ളിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA


Chief Editor : PADMAM S. Editor : Dr. BINU HARRIET IVAN



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-16/06/2023.

1. സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ കേരള രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ സാമ്പത്തിക സഹായത്തോടെ തിരുവനന്തപുരം, കൊല്ലം, ഇടുക്കി, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ നടപ്പിലാക്കുന്ന വാഴ, പച്ചക്കറി എന്നിവയ്ക്കായി തുറസായ സ്ഥലത്ത് കൃത്യതാകൃഷിയ്ക്ക് അപേക്ഷ ക്ഷണിക്കുന്നു. തുള്ളി നന സൗകര്യത്തോടു കൂടിയുള്ള കൃഷി, പ്ലാസ്റ്റിക് മൾച്ചിംഗ് എന്നീ ഘടകങ്ങൾ ചെയ്യുന്ന യൂണിറ്റുകൾക്കാണ് ധനസഹായം നൽകുക. ഇത്തരത്തിൽ വാഴയ്ക്ക് ഹെക്ടർ ഒന്നിന് 96,000 രൂപയും പച്ചക്കറി ഹെക്ടർ ഒന്നിന് 91,000 രൂപയും ധനസഹായം അനുവദിക്കുന്നു. അപേക്ഷകൾ സമർപ്പിക്കുന്നതിനായി കൃഷിയിടം സ്ഥിതി ചെയ്യുന്ന പരിധിയിലെ കൃഷിഭവനുമായോ ജില്ലാ ഹോർട്ടികൾച്ചർ മിഷനുമായി ബന്ധപ്പെടാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്കും ജില്ലാ ഓഫീസറുടെ ഫോൺ നമ്പറിനും www.shm.kerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണെന്ന് തിരുവനന്തപുരം ജില്ലാ ഹോർട്ടികൾച്ചർ മിഷൻ - കേരള ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് തിരുവനന്തപുരം പാളയത്ത് പ്രവർത്തിക്കുന്ന സംസ്ഥാന ഹോർട്ടികൾച്ചർമിഷൻ- കേരളയുമായോ **0471 - 2330857, 9188954089** എന്നീ ഫോൺ നമ്പരുകളിലോ ബന്ധപ്പെടുക.

2. ബാലരാമപുരം നാളികേര ഗവേഷണ കേന്ദ്രത്തിൽ മോഹിത് നഗർ, രത്നഗിരി, സൈഗോൺ എന്നീ ഇനങ്ങളിലുള്ള നല്ലയിനം കമുകിൻ തൈകൾ വില്പനയ്ക്ക് തയ്യാറായിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് **0471-2400621** എന്ന നമ്പറിൽ ബന്ധപ്പെടുക.

3. പനമരം ബ്ലോക്ക് പഞ്ചായത്ത് 2022-2023 വർഷം നടപ്പിലാക്കുന്ന ഗോ ജീവ സുരക്ഷാ സഞ്ചരിക്കുന്ന മൃഗാശുപത്രി പദ്ധതിയുടെ സേവനം ഈ മാസം 17 വരെയുള്ള ദിവസങ്ങളിൽ പൂതാടി ഗ്രാമപഞ്ചായത്തിലെ ക്ഷീര കർഷകർക്ക് ലഭ്യമാണ്. പ്രവൃത്തി സമയം - രാവിലെ 10 മുതൽ വൈകിട്ട് 5 വരെ. സേവനം ആവശ്യമുള്ള കർഷകർക്ക് ക്ഷീരസംഘങ്ങൾ മുഖേനെയോ നേരിട്ടോ ഡ്യൂട്ടി ഡോക്ടറുമായി ബന്ധപ്പെടാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 9074583866 എന്ന നമ്പരിൽ ബന്ധപ്പെടുക.

4. ചിറയിൻകീഴ് സ്റ്റേറ്റ് സീഡ് ഫാമിൽ പച്ചക്കറിത്തൈകൾ, വിത്തുകൾ, സമ്പുഷ്ടീകരിച്ച ചാണകം, മണ്ണിര കമ്പോസ്റ്റ്, വെർമിവാഷ്, വാം എന്നിവ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **0470 2644291** എന്ന നമ്പരിൽ ബന്ധപ്പെടുക.

5. കൃഷിവകുപ്പിന്റെ ആനയറയിലുള്ള വില്പന കേന്ദ്രം വഴി അത്യുൽപാദന ശേഷിയുള്ള DXT, TXD, WCT, Orange Dwarf, കുറ്റ്യാടി നാടൻ തുടങ്ങിയ ഇനത്തിൽപ്പെട്ട തെങ്ങിൻ തൈകളും കൂടാതെ, മാവ്, പ്ലാവ്, റമ്പൂട്ടാൻ, അടയ്ക്ക, കുടംപുളി, അലങ്കാര ചെടികൾ തുടങ്ങിയവ വില്പനയ്ക്കായി തയ്യാറായിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് **9746692422** എന്ന നമ്പറിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടി**

6. പാലക്കാട് പട്ടാമ്പിയിൽ പ്രവർത്തിക്കുന്ന കൃഷി വിജ്ഞാനകേന്ദ്രത്തിൽ ഈ മാസം 19 ന് കർഷക ഗ്രൂപ്പുകൾ രൂപീകരികരണവും രജിസ്ട്രേഷനും, സ്മാം പദ്ധതിയിലൂടെ കർഷകർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്നീ വിഷയങ്ങളിൽ പരിശീലനം സംഘടിപ്പിക്കുന്നു. താൽപ്പര്യമുള്ളവർ **6282937809, 2912008, 0466 2212279** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക

7. തിരുവനന്തപുരം കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 20, 21 തീയതികളിൽ **"മുട്ടക്കോഴി വളർത്തൽ"** എന്ന വിഷയത്തിലും 26, 27 തീയതികളിൽ **"പന്നിവളർത്തൽ"** എന്ന വിഷയത്തിലും പരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **0471– 2732918** എന്ന നമ്പരിൽ ബന്ധപ്പെടുക.

8. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ -പഠന കേന്ദ്രം തയ്യാറാക്കിയ "വാണിജ്യാടിസ്ഥാനത്തിലുള്ള പൂകൃഷിയും ഉദ്യാനപരിപാലനവും" എന്ന മാസ്സീവ് ഓപ്പൺ ഓൺലൈൻ കോഴ്സിലേക്കുള്ള ജൂൺ 21-ന് തുടങ്ങുന്ന കോഴ്സിലേക്ക് ജൂൺ 20 നകം രജിസ്റ്റർ ചെയ്യേണ്ടതാണ്. www.celkau.in/MOOC/Default.aspx എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് കോഴ്സിൽ രജിസ്റ്റർ ചെയ്യാം. രജിസ്റ്റർ ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ മേൽ പറഞ്ഞ ലിങ്കിൽ ലഭ്യമാണ്. രജിസ്റ്റർ ചെയ്തവർക്ക് മെയ്

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

2 മുതൽ 'പ്രവേശനം' എന്ന ബട്ടൺ ക്ലിക്ക് ചെയ്ത് യുസർ ഐ ഡി യും പാസ്സ്‌വേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാവുന്നതാണ്.

**കാർഷിക നിർദ്ദേശങ്ങൾ**

**9. വാഴ**

വാഴയുടെ തളിരിലകളിൽ കൂട്ടം കൂടിയിരുന്നു ഇല കരണ്ടു തിന്നുന്ന ഇലതീനി പുഴുക്കൾ വ്യാപകമായി കണ്ടു വരുന്നു. ഇവയെ നിയന്ത്രിക്കുന്നതിനായി പുഴുക്കൂട്ടങ്ങളെ കാണുമ്പോൾ തന്നെ നശിപ്പിക്കുക, ബ്യുവേറിയ ബാസിയാന 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് തളിക്കുക. ആക്രമണം രൂക്ഷമായാൽ ഫ്ലുബെന്റിയാമൈഡ് അല്ലെങ്കിൽ ക്ലോറാൻട്രിനിലിപ്രോൾ ഇവയിലേതെങ്കിലും വെള്ളത്തിൽ കലർത്തി തളിക്കാവുന്നതാണ്.

**അകിടുവീക്ക രോഗം**

കറവ പശുക്കളിൽ അകിടുവീക്ക രോഗം വരുന്നത് തടയാനായി പശുക്കളുടെയും പരിസരങ്ങളുടെയും ശുചിത്വം എപ്പോഴും ഉറപ്പുവരുത്തുക, പ്രാണിശല്യം നിയന്ത്രിക്കുക, പശുക്കൾക്ക് രോഗപ്രതിരോധ ശേഷി നൽകുന്ന ടോണിക്കുകൾ നൽകുക. രോഗലക്ഷണങ്ങൾ കാണുകയാണെങ്കിൽ അടുത്തുള്ള മൃഗാശുപത്രിയുമായി എത്രയും പെട്ടെന്ന് ബന്ധപ്പെടുക. പ്രാരംഭഘട്ടത്തിൽ തന്നെ ചികിത്സ നൽകിയാൽ രോഗം ഫലപ്രദമായി നിയന്ത്രിക്കാം.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം